**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6255** **17-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ നിക്ഷേപ സമാഹരണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ നിക്ഷേപം കേരള വികസനത്തിന് എന്ന മുദ്രാവാക്യവുമായി സംസ്ഥാനത്ത് സഹകരണ നിക്ഷേപ സമാഹരണ യജ്ഞം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സഹകരണ ബാങ്കുകളും സംഘങ്ങളുമാണ് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഭാഗമാകുന്നതെന്നും എത്ര രൂപ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (എ) | സഹകരണ നിക്ഷേപം കേരള വികസനത്തിന് എന്ന മുദ്രാവാക്യവുമായി 15.02.2023 മുതൽ 31.03.2023 വരെ സംസ്ഥാനത്ത് സഹകരണ നിക്ഷേപ സമാഹരണ യജ്ഞം ആരംഭിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ (PACS), ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകൾ, എംപ്ലോയീസ് സംഘങ്ങളും അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, കേരള സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, അംഗങ്ങളിൽ നിന്നും ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവയാണ് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഭാഗമാകുന്നത്. ആകെ 9000 കോടി രൂപ സമാഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | യുവജനങ്ങളെ കൂടുതലായി സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പ്രത്യേക നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | യുവജനങ്ങളെ കൂടുതലായി സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി യുവ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 31 സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. യുവാക്കളെ/യുവ സംരംഭകരെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, അവരുടെ തൊഴിലും വരുമാനവും ഉറപ്പാക്കുക, കേരളത്തിൽ ആഴത്തിൽ വേരുകളുള്ള സഹകരണ മേഖലയിൽ യുവജനങ്ങളെയും ഉൾപ്പെടുത്തുക, മാന്യമായ തൊഴിൽ, സ്ഥിര വരുമാനം, യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുക, അതിലൂടെ യുവാക്കളുടെ സാമ്പത്തികവും സാമൂഹികവും |

| | | | |
|---|---|---|---|
| | | | തൊഴിൽപരവുമായ ഉന്നമനം ഉറപ്പാക്കുക തുടങ്ങിയവയാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ 14 പട്ടികജാതി യുവജന സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്.<br><br>കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ഉദ്ദേശത്തോടെ കേരളാ ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് **കേരളാ ബാങ്ക് വിദ്യാനിധി .** ടി നിക്ഷേപ പദ്ധതിയിൽ 12 മുതൽ 16 വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ സ്വന്തം പേരിൽ അക്കൗണ്ട് ആരംഭിക്കാം. പദ്ധതിയിൽ അംഗങ്ങൾ ആയ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനായി രക്ഷകർത്താവിന് (മാതാവിന് മുൻഗണന) എല്ലാവിധ സാധാരണ ഇടപാടുകളും നടത്താൻ സാധിക്കുന്ന പ്രത്യേക പ്രിവിലേജ് അക്കൗണ്ട് തുറക്കുന്നതിന് പ്രത്യേകം അനുവാദം നൽകുന്നതായിരിക്കും. 2 ലക്ഷം രൂപ വരെയുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ ഈ അക്കൗണ്ട് ഉറപ്പാക്കും. ആദ്യവർഷം പ്രീമിയം ബാങ്ക് നൽകുന്നതാണ്. |
| (സി) | സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; മുതിർന്ന പൗരന്മാർക്ക് പലിശ നിരക്കിൽ പ്രത്യേക വർദ്ധനവ് ഉണ്ടോ; നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്കിൽ സഹകരണ ബാങ്കുകൾ മറ്റ് ബാങ്കുകളേക്കാൾ മുന്നിലാണോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പലിശ നിരക്കിന് പുറമേ മുതിർന്ന പൗരൻമാർക്ക് അര ശതമാനം അധിക പലിശ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ ഇതര പൊതുമേഖലാ ബാങ്കുകൾ നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പലിശ നിരക്കിനെ അപേക്ഷിച്ച് സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്ക് 1 ശതമാനം വരെ മുന്നിലാണ്. |

സെക്ഷൻ ഓഫീസർ